# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 428 — 10.03.2015 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിലെ നിയമനം സംബന്ധിച്ച് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;എങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വരും; പുതിയ ഉത്തരവ് പ്രകാരം പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. 2014 നവംബർ മാസം 26 മുതൽ പ്രാബല്യമുണ്ട്.<br>**<u>മാനദണ്ഡങ്ങൾ</u>**<br>1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 186 പ്രകാരം<br>1. സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ പ്യൂൺ/അറ്റൻഡർ തസ്തികയിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത 7-)ം ക്ലാസ്സ് പാസ്സായിരിക്കണമെന്നും ബിരുദ വിദ്യാഭ്യാസം ഉണ്ടാകുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>2. സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയുടെ നിയമന യോഗ്യത, ജോലി പൂർത്തിയാക്കുന്നതിനാവശ്യമായ ശാരീരിക ക്ഷമത ഉണ്ടാകണമെന്നും എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ പാസ്സാകുവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>3. സഹകരണ സ്ഥാപനങ്ങളിലെ നിയമന യോഗ്യതയായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ബിരുദ വിദ്യാഭ്യാസം 10+2+3 യോ അതിൽ കൂടുതൽ വർഷമോ എന്ന രീതിയിലുള്ളതാവണം. കൂടാതെ കേരളത്തിന് പുറത്തുള്ള സർവകലാശാലകളിൽ നിന്നും നേടുന്ന ബിരുദത്തിന് കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാലയിൽ നിന്നും തുല്യതാ സർട്ടിഫിക്കറ്റ് |

നേടിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിലെ അറ്റൻഡർ, പ്യൂൺ തസ്തികകളിലുള്ളവരുടെ പ്രൊമോഷന് നേരത്തേ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; അവ പുതിയ ഉത്തരവിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(ബി) സഹകരണ ബാങ്കുകളിലെ / സംഘങ്ങളിലെ അറ്റൻഡർ, പ്യൂൺ തസ്തികകളിലുള്ളവർക്ക് ജൂനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185 ന്റെ മൂന്നാം പ്രൊവിസോ പ്രകാരം മൂന്ന് വർഷത്തെ സേവനവും ജൂനിയർ ക്ലർക്ക് തസ്തികയ്ക്ക് ആവശ്യമായ നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം.

2. സഹകരണ ബാങ്കുകൾക്ക് ബാധകമായ റിക്രൂട്ട്മെന്റ് റൂൾസ്/ഫീഡർ കാറ്റഗറി റൂൾസിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം.

മേൽ മാനദണ്ഡങ്ങൾ പൂർണ്ണമായും വ്യത്യാസപ്പെടുത്തിയിട്ടില്ല. സഹകരണ സംഘം ചട്ടം 185 ഉപചട്ടം 10 പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലെ ക്ലർക്ക് തസ്തികയിലേയ്ക്ക് 1:4 എന്ന അനുപാതത്തിൽ നടത്തുന്ന ഉദ്യോഗക്കയറ്റം/നേരിട്ടുള്ള നിയമനം നടത്തുന്ന തിനുള്ള വ്യവസ്ഥയാണ് പുതിയതായി നിലവിൽ വന്നത്.

(സി) ബാങ്കിലെ ഒരു ജീവനക്കാരന് പ്രൊമോഷൻ ലഭിക്കണമെങ്കിൽ പുറമേ നിന്നും 4 പേരെ പുതുതായി ജോലിക്കെടുക്കണം എന്നൊരു നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഒന്നോ രണ്ടോ ജീവനക്കാർ മാത്രമുള്ള ചെറിയ പ്രാഥമിക ബാങ്കുകളിൽ ഇത് എങ്ങനെ നടപ്പാക്കും എന്ന് വിശദമാക്കാമോ ?

(സി) ബാങ്കിലെ ഒരു ജീവനക്കാരന് പ്രൊമോഷൻ ലഭിക്കണമെങ്കിൽ പുറമേ നിന്നും 4 പേരെ പുതുതായി ജോലിക്കെടുക്കണം എന്നൊരു നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. പ്രാഥമിക സഹകരണ ബാങ്കുകളിലെ ക്ലർക്ക് തസ്തിക മുതൽ ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് സഹകരണ പരീക്ഷ ബോർഡ് നടത്തുന്ന എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. മേൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് 1:4 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം മുഖേനയും നേരിട്ടും നിയമനം നടത്തുവാനാണ് മേൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒന്നോ രണ്ടോ ജീവനക്കാർ മാത്രമുള്ള ചെറിയ പ്രാഥമിക ബാങ്കുകളിലെ ജൂനിയർ ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിലേയ്ക്ക് പ്യൂൺ/അറ്റൻഡർ

തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ നൽകിക്കൊണ്ട് പ്രസ്തുത ചട്ട വ്യവസ്ഥ നടപ്പിലാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ